Lalith Babu

**പഞ്ചായത്ത് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖകൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ്**

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ. സന്തോഷ്)

വിഷയം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തിരഞ്ഞെടുപ്പ് രേഖകളുടെ പകർപ്പ് നൽകുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ. 43215/ബി4/2021/സം.തി.ക. തീയതി: 04.02.2021

## ഉത്തരവ്

തിരഞ്ഞെടുപ്പ് രേഖകളുടെ പകർപ്പുകൾ നൽകണമെന്നാവശ്യപ്പെട്ട് വിവരാവകാശ നിയമപ്രകാരവും അല്ലാതെയും ധാരാളം അപേക്ഷകൾ ലഭിക്കുന്നതായി വരണാധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള രേഖകളുടെ പകർപ്പ് നൽകാമോ എന്നത് സംബന്ധിച്ച സംശയങ്ങൾ നിലനിൽക്കുന്നതിനാൽ ഇവ നൽകാമോ എന്നും നൽകാമെങ്കിൽ ഫീസ് ഈടാക്കേണ്ടതുണ്ടോ എന്നും ഫീസ് ഈടാക്കേണ്ടതുണ്ടെങ്കിൽ എപ്രകാരമാണ് ഈടാക്കേണ്ടത് എന്നും സ്പഷ്ടീകരണം നൽകണമെന്ന് വരണാധികാരികൾ അപേക്ഷിച്ചിട്ടുണ്ട്.

2. കമ്മീഷൻ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ്/ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 55 എ ചട്ടപ്രകാരം സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടില്ലാത്ത എല്ലാ രേഖകളുടെയും പകർപ്പുകൾ വിവരാവകാശ നിയമപ്രകാരവും അല്ലാതെയും ലഭിക്കുന്ന അപേക്ഷകൾ പ്രകാരം നൽകാവുന്നതാണെന്നും വിവരാവകാശ നിയമപ്രകാരം നൽകുമ്പോൾ പ്രസ്തുത നിയമത്തിലെയും അതിന് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരവും അല്ലാതെയുള്ള അപേക്ഷകൾ പ്രകാരം പുറം ഒന്നിന് രണ്ട് രൂപ നിരക്കിൽ ഫീസ് ഈടാക്കി നൽകാവുന്നതാണെന്നും പ്രസ്തുത ഫീസ് തുല്യ മൂല്യമുള്ള കോർട്ട് ഫീ സ്റ്റാമ്പായി സ്വീകരിക്കാവുന്നതാണെന്നും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ.സന്തോഷ്
സെക്രട്ടറി.

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖേന)
എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖേന)
കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും, എല്ലാ അസിസ്റ്റന്റുമാർക്കും
കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി, കമ്മീഷണറുടെ സി.എ.
ഓഫീസ് കോപ്പി, സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ